## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4124 — 25-6-2014-ൽ മറുപടിക്ക്

### കടിവെള്ള പദ്ധതികൾ

**ചോദ്യം**

ശ്രീമതി കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കടിവെള്ള പദ്ധതികൾ പുതുതായി കമ്മീഷൻ ചെയ്തു; ഏതെല്ലാം; ഇതിനായി എത്രതുക ചെലവഴിച്ചുവെന്നും അതിൽ വിവിധ ഏജൻസികളിൽനിന്ന് കടം വാങ്ങിയ തുക എത്രയെന്നും അറിയിക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ചെറുതും വലുതുമായ 74 കടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി കമ്മീഷൻ ചെയ്തു. ഇതിനായി ചെലവഴിച്ച തുകയും വിവിധ ഏജൻസികളിൽ നിന്നും കടം വാങ്ങിയ തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I,II,III -യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലനിധി പദ്ധതിയുടെ ഭാഗമായി 31.5.2014 വരെയുള്ള കണക്കനുസരിച്ച് 211 ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 133.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 64% തുക ലോകബാങ്കിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

(ബി) എത്ര പദ്ധതികൾക്ക് സർക്കാർ പുതുതായി അനുമതി നൽകി; ഇതിനു വേണ്ടുന്ന തുക എത്ര; ഇതിൽ സർക്കാർ ഫണ്ട് എത്ര; കടം വാങ്ങിയതുക എത്ര; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പുതുതായി അനുമതി നൽകിയ കേരള വാട്ടർ അതോറിറ്റിയുടെ കടിവെള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം V,VI,VII,VIII ആയി ചേർത്തിരിക്കുന്നു.

ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന 1022 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഇതിൽ 196 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. ലോക ബാങ്കിൽ നിന്നും 658 കോടി രൂപ വായ്പയായും ലഭിക്കും.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ശതമാനം പണി തീർന്നിട്ടുണ്ട്; എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; പ്രസ്തു പദ്ധതിക്ക് നാളിതുവരെ എന്ത് തുക ചെലവഴിച്ചു; ഇനി എന്തുതുക വേണ്ടി വരും; വിശദാംശം വ്യക്തമാക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതി 2015 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. 93.72% പണികൾ പൂർത്തിയായിട്ടുണ്ട്. ആകെയുള്ള അഞ്ച് പദ്ധതികളിൽ തിരുവനന്തപുരം, മീനാട്, പട്ടുവം പദ്ധതികൾ ഇതിനകം ഭാഗികമായും, ചേർത്തല പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ട്. കോഴിക്കോട് പദ്ധതി 2014 സെപ്തംബർ മാസത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിടുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് നാളിതുവരെ 2369.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനായി ഏകദേശം 300 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; നാളിതുവരെ എന്തുതുക ഇതിനായി ചെലവഴിച്ചു; ഇനി എന്തുതുക വേണ്ടി വരും; വിശദാംശം വ്യക്തമാക്കുമോ?

(ഡി) കാളിപ്പാറയിൽ 2006 -ൽ പണി പൂർത്തിയാക്കിക്കഴിഞ്ഞ 36 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല അടിസ്ഥാനമാക്കി താഴെപ്പറയുന്ന നാല് കുടിവെള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

1) പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും, മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

2) ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഘട്ടം I.

3) ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഘട്ടം II

4) നെയ്യാറ്റിൻകര നഗരശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

നെയ്യാർ ഡാം സ്രോതസ്സായ മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളുടെ പൊതുഘടകങ്ങളായ നെയ്യാർഡാം പരിസരത്തുള്ള ഇൻടേക്ക് അറെയ്ഞ്ച്മെന്റ്, റാവാട്ടർ ഗ്രാവിറ്റി മെയിൻ, റാവാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. റാവാട്ടർ സംപും പമ്പ് ഹൗസും, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ

3

ഹൗസും, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ മുതലായ പൊതുഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. റാ വാട്ടർ പമ്പ് സെറ്റ്, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ എന്നീ പൊതുഘടകങ്ങളുടെ പണികൾക്ക് കരാർ വച്ച് പണികൾ ആരംഭിക്കേണ്ടതുണ്ട്. ഇലക്ട്രിക് കണക്ഷൻ നൽകുന്നതിന് വേണ്ട പ്രവർത്തികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. യ്ക്ക് 4.57 കോടി രൂപ അടച്ചിട്ടുണ്ട്. ഇതിനാവശ്യമായ കേബിൾ കെ.എസ്.ഇ.ബി. സ്ഥാപിച്ചുകഴിഞ്ഞു. ഈ പദ്ധതി 31-3-2016 ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാളിതുവരെ ചെലവഴിച്ച തുകയും ഇതിനുവേണ്ടി വരുന്ന തുകയും അനുബന്ധം IX ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**